സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 176 2024 ഒക്ടോബർ 29 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണവില 59,000 കടന്ന് പുതിയ റെക്കോർഡിലെത്തി

തിരു: സംസ്ഥാനത്ത് സ്വർണവില ആദ്യമായി 59,000 കടന്നു. ഇന്ന് 480 രൂപ വർധിച്ചതോടെയാണ് ഒരു പവൻ സ്വർണത്തിന്റെ വില ആദ്യമായി 59,000 തൊട്ടത്. ഗ്രാമിന് 60 രൂപയാണ് വർധിച്ചത്. 7375 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

മയക്കുമരുന്നുമായി യുവാവ് പിടിയിൽ

തൃശൂർ: മയക്കുമരുന്നായ എംഡിഎംഎയുമായി പുന്നസ്വദേശിയെ ചാവക്കാട് പോലീസ് പിടികൂടി. രായംമരയ്ക്കാർ വീട്ടിൽ ഫവാസാണ് പിടിയിലായത്.

നവീൻ ബാബുവിന്റെ മരണം: പി.പി. ദിവ്യക്ക് മുൻകൂർ ജാമ്യമില്ല

തലശ്ശേരി: അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ സിപിഎം നേതാവും കണ്ണൂർ ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റുമായ പി.പി. ദിവ്യക്ക് മുൻകൂർ ജാമ്യം ലഭിച്ചില്ല. തലശ്ശേരി സെഷൻസ് കോടതിയാണ് ദിവ്യക്ക് ജാമ്യം നിഷേധിച്ചത്.

ജഡ്ജി കെ.ടി. നിസാർ അഹമ്മദാണ് ജാമ്യാപേക്ഷയിൽ വിധി പ്രസ്താവിച്ചത്. ജാമ്യം തള്ളി എന്ന ഒറ്റവാക്യത്തിലാണ് കോടതിയുടെ പ്രസ്താവം.

ജാമ്യപേക്ഷ തള്ളിയ സാഹചര്യത്തിൽ അറസ്റ്റ് നടപടിയുമായി അന്വേഷണ സംഘത്തിന് മുന്നോട്ട് പോകേണ്ടിവരും. കണ്ണൂർ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിനു മുൻപിലോ അന്വേഷണ ഉദ്യോഗസ്ഥന്റെ മുൻപിലോ ദിവ്യ കീഴടങ്ങാനും മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിക്കാനും സാധ്യതയുണ്ട്.

ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയാണ് ദിവ്യക്കെതിരേ പോലീസ് കേസെടുത്തിരുന്നത്. കേസിൽ പ്രതിയായതോടെ ഇരിണാവിലെ വീട്ടിൽനിന്ന് രഹസ്യ കേന്ദ്രത്തിലേക്ക് മാറിയ ദിവ്യ 13 ദിവസമായി ഒളിവിൽ കഴിയുകയാണ്.

ദിവ്യയ്ക്കുവേണ്ടി അഭിഭാഷകൻ കെ.വിശ്വനും പ്രോസിക്യൂഷനു വേണ്ടി കെ.അജിത്കുമാറും നവീൻ ബാബുവിന്റെ കുടുംബത്തിന് വേണ്ടി ജോൺ എസ്.റാൽഫുമാണ് കോടതിയിൽ ഹാജരായത്.

നവീൻ ബാബുവിന്റെ യാത്രയയപ്പ് യോഗത്തിൽ പി.പി ദിവ്യ നടത്തിയ ആറ് മിനിറ്റ് പ്രസംഗം ആസൂത്രിത ഗൂഢാലോചനയെന്നായിരുന്നു പബ്ലിക് പ്രോസിക്യൂട്ടർ കെ.അജിത്ത് കുമാറിന്റെ വാദം. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത കാര്യങ്ങളിൽ ഇടപെടുകയും ഭീഷണിസ്വരത്തിൽ സംസാരിക്കുകയും ചെയ്ത ദിവ്യയുടെ പ്രവൃത്തി വലിയ അഴിമതിക്ക് വേണ്ടിയാണെന്നായിരുന്നു നവീൻ ബാബുവിന്റെ കുടുംബത്തിന്റെ അഭിഭാഷകൻ ജോൺ എസ്. റാൽഫ് കോടതിയെ അറിയിച്ചത്. എന്നാൽ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റായ പി.പി.ദിവ്യയുടെ വ്യക്തിപ്രഭാവവും അഴിമതിവിരുദ്ധ പ്രവർത്തനവും ഉയർത്തിയ ദിവ്യയുടെ അഭിഭാഷകൻ കെ.വിശ്വൻ ദിവ്യയുടെ പ്രസംഗം സദുദ്ദേശപരമാണെന്നാണ് വാദിച്ചത്.

പ്രായപൂർത്തിയാകാത്ത മകളും അസുഖബാധിതനായ അച്ഛനും വീട്ടിൽ ഉണ്ടെന്നും അറസ്റ്റ് തടയണമെന്നും ദിവ്യയുടെ അഭിഭാഷകൻ അറിയിച്ചിരുന്നു. ജില്ലാ കമ്മിറ്റി അംഗമായ ദിവ്യയുടെ കേസ് നിയമപരമായി തന്നെ മുന്നോട്ട് പോകട്ടെയെന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് നേരത്തെ വിലയിരുത്തിയിരുന്നത് എന്നാൽ മുൻകൂർ ജാമ്യാപേക്ഷ തള്ളിയതോടെ ദിവ്യയ്ക്കെതിരെ പാർട്ടി നടപടിയ്ക്കും സാധ്യതയുണ്ട്.

‘ഞങ്ങളുടെ ജീവിതം നശിപ്പിച്ച പ്രതിയെ അറസ്റ്റ് ചെയ്യണം’; ആദ്യമായി പ്രതികരിച്ച് നവീൻ ബാബുവിന്റെ ഭാര്യ

പത്തനംതിട്ട: തങ്ങളുടെ ജീവിതം നശിപ്പിച്ച പ്രതിയെ അറസ്റ്റ് ചെയ്യണമെന്നും അതിനും വേണ്ടി ഏതറ്റം വരെ പോകുമെന്നും നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ. നവീൻ ബാബു മരിച്ചതിന് ശേഷം ഇതാദ്യമായാണ് അദ്ദേഹത്തിന്റെ ഭാര്യ മാധ്യമങ്ങളോട് സംസാരിക്കുന്നത്.

പിപി ദിവ്യയെ അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പരമാവധി ശിക്ഷ നൽകണം. ആ വേദിയിൽ അല്ല അവർ അങ്ങനെ സംസാരിക്കേണ്ടിയിരുന്നത്. വേറൊരു വേദികളകൂർക്ക് ഒരുക്കാമായിരുന്നു. ഞങ്ങളുടെ ജീവിതം നശിപ്പിച്ച പ്രതിയെ തീർച്ചയായും അറസ്റ്റ് ചെയ്യണം. കൂടുതലൊന്നും പറയാനില്ല. ഏതറ്റം വരേയും പോകും – മഞ്ജുഷ മാധ്യമങ്ങളോട് പ്രതികരിച്ചു.

തങ്ങൾ രാഷ്ട്രീയത്തെ ഭയപ്പെടുന്നില്ലെന്ന് നവീൻ ബാബുവിന്റെ സഹോദരൻ പ്രവീൺ ബാബു പറഞ്ഞു. ‘രാഷ്ട്രീയപരമായി ഒരു നിർദേശവും നേതൃത്വത്തിന്റെ ഭാഗത്ത് നിന്ന് വന്നിട്ടില്ല. നിയമവശം മാത്രമേ നോക്കിയിട്ടുള്ളൂ. പിപി ദിവ്യയെ തുടക്കം തൊട്ട് തന്നെ അറസ്റ്റ് ചെയ്യാൻ യാതൊരു വിലക്കും ഉണ്ടായിരുന്നില്ല. അറസ്റ്റ് ചെയ്യാമായിരുന്നു. ഈ നിമിഷവും അറസ്റ്റ് ചെയ്യാൻ പറ്റുന്നതാണ്. അത് തന്നെയാണ് പോലീസ് ചെയ്യേണ്ടത്. ഞാൻ ഒരു പാർട്ടി പ്രവർത്തകനല്ല. പാർട്ടി നേതൃത്വത്തോട് ഒന്നും ആവശ്യപ്പെടാനും ഇല്ല. നിയമപരമായി അവരെ അറസ്റ്റ് ചെയ്യുക കൃത്യമായ അന്വേഷണം നടത്തുക’– നവീൻ ബാബുവിന്റെ സഹോദരൻ പ്രവീൺ ബാബു പറഞ്ഞു.

അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ സിപിഎം നേതാവും കണ്ണൂർ ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റുമായ പി.പി. ദിവ്യക്ക് മുൻകൂർ ജാമ്യം ലഭിച്ചിട്ടില്ല. തലശ്ശേരി സെഷൻസ് കോടതിയാണ് ദിവ്യക്ക് ജാമ്യം നിഷേധിച്ചത്.

പ്രോസിക്യൂഷനും സർക്കാരും ഇരയ്ക്കൊപ്പം; അറസ്റ്റിൽ തീരുമാനമെടുക്കേണ്ടത് പോലീസ്–പബ്ലിക് പ്രോസിക്യൂട്ടർ

തലശ്ശേരി: സർക്കാരും പോലീസും നവീൻ ബാബുവിന്റെ കുടുംബത്തോടൊപ്പമാണെന്ന് തെളിയിച്ചുവെന്ന് പബ്ലിക് പ്രോസിക്യൂട്ടർ. മുഖ്യമന്ത്രി നേരത്തെ തന്നെ ഇക്കാര്യം പറഞ്ഞതാണെന്നും പബ്ലിക് പ്രോസിക്യൂട്ടർ കെ.അജിത്കുമാർ വിധിക്കു പിന്നാലെ മാധ്യമങ്ങളോട് പറഞ്ഞു.

പബ്ലിക് പ്രോസിക്യൂട്ടറുടെ പ്രതികരണം; പ്രോസിക്യൂഷനും സർക്കാരും നവീൻ ബാബുവിന്റെ കുടുംബത്തോടൊപ്പമാണെന്ന് തെളിയിച്ചു. അന്നു തന്നെ മുഖ്യമന്ത്രി പറഞ്ഞതാണ്, പക്ഷെ പല കോണിൽ നിന്നും സംശയമുണ്ടായിരുന്നു. ഏതായാലും പ്രോസിക്യൂഷനും കേരള സർക്കാരും പോലീസും ഇരയ്ക്കൊപ്പമെന്ന് തെളിയിച്ചു.

ഇരയോടൊപ്പമാണെന്ന സർക്കാരിന്റെ വാദവും പ്രോസിക്യൂഷന്റെ ഭാഗവും ശക്തമായിത്തന്നെ കോടതിയിൽ അവതരിപ്പിച്ചു. ദിവ്യയ്ക്ക് മുൻകൂർ ജാമ്യം കൊടുക്കാതിരിക്കേണ്ടത് എന്തടിസ്ഥാനത്തിലെന്ന് പ്രോസിക്യൂഷൻ കൃത്യമായ രീതിയിൽ ശക്തിയായിത്തന്നെ പറഞ്ഞിട്ടുണ്ട്. അന്വേഷണം നടത്തുന്ന സംഘം ശരിയായ രീതിയിലാണ് നീങ്ങുന്നത്. ദിവ്യയുടെ അറസ്റ്റുമായി ബന്ധപ്പെട്ട കാര്യം തീരുമാനിക്കേണ്ടത് അന്വേഷണ സംഘമാണ്. പോലീസിനെ സംബന്ധിച്ച് നിയമപരമായി അറസ്റ്റ് ചെയ്യാൻ നിലവിൽ തടസ്സമില്ല– അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

എഡിഎം കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ സിപിഎം നേതാവും കണ്ണൂർ ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റുമായ പി.പി. ദിവ്യക്ക് മുൻകൂർ ജാമ്യം ലഭിച്ചിരുന്നില്ല.

‘അതൊക്കെ വ്യക്തിപരമായ തീരുമാനമല്ലേ’;കീഴടങ്ങാൻ ദിവ്യയോട് പാർട്ടി നിർദേശിക്കില്ലെന്ന് എംവി ഗോവിന്ദൻ

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് മുൻകൂർ ജാമ്യം ലഭിക്കാത്ത പിപി ദിവ്യയ്ക്ക് പാർട്ടി നിർദേശമൊന്നും നൽകില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സിപിഎം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമായ ദിവ്യ മുൻകൂർ ജാമ്യം നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ പൊലീസിൽ കീഴടങ്ങുമോ എന്ന ചോദ്യത്തിനായിരുന്നു എംവി ഗോവിന്ദന്റെ മറുപടി.

അതൊക്കെ ഓരോരുത്തരുടെ വ്യക്തിപരമായ തീരുമാനമല്ലേ. ദിവ്യയ്ക്ക് പാർട്ടിയും സർക്കാരും സംരക്ഷണം ഒരുക്കില്ലെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ ആവശ്യമായ നിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കിയ ഗോവിന്ദൻ, തെറ്റ് ചെയ്തവർ നിയമത്തിന് കീഴ്പ്പെടണമല്ലോ എന്നും പ്രതികരിച്ചു. മറ്റ് ചോദ്യങ്ങളോട് പ്രതികരിക്കാൻ അദ്ദേഹം തയ്യാറായില്ല.

കേസ് രജിസ്റ്റർ ചെയ്തത് മുതൽ പിപി ദിവ്യ ഒളിവിലാണ്. ജാമ്യം നിഷേധിച്ച സാഹചര്യത്തിൽ ദിവ്യയ്ക്ക് ഹൈക്കോടതിയെ സമീപിക്കാം. എന്നാൽ അറസ്റ്റ് ചെയ്യുന്നതിന് പൊലീസിന് ഒരു തടസവുമില്ല. ഇതുവരെ കോടതി തീരുമാനം പുറത്തുവരട്ടെ എന്നാണ് പൊലീസ് സ്വീകരിച്ച നിലപാട്. ഇനിയും ദിവ്യയെ അറസ്റ്റ് ചെയ്തില്ലെങ്കിൽ സംസ്ഥാനത്തെ പൊലീസ് സേനയ്ക്ക് നാണക്കേടാണ്. ദിവ്യ കണ്ണൂരിൽ തന്നെയുണ്ടെന്നാണ് പൊലീസ് പറയുന്നത്.

ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിച്ചില്ലെങ്കിൽ ദിവ്യ ചിലപ്പോൾ അന്വേഷണ സംഘത്തിനു മുന്നില്ലോ കോടതിയിലോ കീഴടങ്ങിയേക്കും. ഹൈക്കോടതിയിലേക്ക് ജാമ്യത്തിന് പോകുകയാണെങ്കിൽ വിധി വരുന്നത് വരെ അറസ്റ്റ് ചെയ്യരുതെന്ന അപേക്ഷയും നൽകാം. എന്നാൽ ഇക്കാര്യത്തിൽ പാർട്ടി എന്ത് നിലപാട് എടുക്കുമെന്നതാണ് നിർണായകം. എന്നാൽ ഒളിവ് ജീവിതത്തിൽ തുടർന്ന് കൊണ്ട് ഹൈക്കോടതിയെ സമീപിച്ചാൽ ഉപതിരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ പാർട്ടിക്കും സർക്കാരിനും ഇത് പ്രതിസന്ധി സൃഷ്ടിക്കും.

ഈ മാസം 17നാണ് ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി ദിവ്യയ്ക്കെതിരെ കേസെടുത്തത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ദിവ്യ യാത്രയയപ്പ് ചടങ്ങിൽ പറഞ്ഞ കൊള്ളിവാക്കുകളാണ് എഡിഎം നവീൻ ബാബു ജീവനൊടുക്കാൻ കാരണമായതെന്നാണ് കേസ്. 18ന് ആണ് മുൻകൂർ ജാമ്യത്തിനായി ദിവ്യ കോടതിയെ സമീപിച്ചത്. ജഡ്ജി കെടി നിസാർ അഹമ്മദാണ് ഇന്ന് വിധി പറഞ്ഞത്. ഭാരതീയ ന്യായസംഹിതയിലെ 108 വകുപ്പ് പ്രകാരമുള്ള കുറ്റമാണ് ചുമത്തിയത്. ഏക പ്രതിയായ ദിവ്യയുടെ മൊഴി രേഖപ്പെടുത്താത്തതിനാൽ എഡിഎമ്മിന്റെ മരണം നടന്ന് രണ്ടാഴ്ച പിന്നിട്ടിട്ടും പൊലീസ് അന്വേഷണം എങ്ങുമെത്തിയിരുന്നില്ല.

‘നീ ഇനി ഈ സ്റ്റേഷനിൽ വേണ്ട’; എസ്.ഐയെ തൂക്കിയെടുത്തു പുറത്തിട്ട് എസ്.എച്ച്.ഒ.; പരാതി

കണ്ണമാലി: കണ്ണമാലിസ്റ്റേഷനിൽ എസ്ഐയെ കൈകാര്യം ചെയ്ത് എസ്എച്ച്ഒ. കണ്ണമാലി പോലീസ് സ്റ്റേഷനിലെ എസ്ഐയെ സ്റ്റേഷൻ ഹൗസ് ഓഫിസറായ ഇൻസ്പെക്ടർ തൂക്കിയെടുത്തു സ്റ്റേഷനു പുറത്തിട്ടെന്നാണ് പരാതി. തിങ്കളാഴ്ച രാവിലെയാണു സംഭവം. ഗ്രേഡ് എസ്ഐ ലീവ് എടുത്തതിനെ തുടർന്നുള്ള അനിഷ്ടമാണു വാക്കേറ്റത്തിലും കയ്യേറ്റത്തിലും എത്തിയത്. എസ്ഐ സന്തോഷിനെയാണ് എസ്എച്ച്ഒ സിജിൻ മാത്യു കായികമായി നേരിടാൻ ശ്രമിച്ചത്.

അടുത്ത ബന്ധുവിന്റെ വിവാഹ നിശ്ചയത്തിനായി ഞായറാഴ്ച സന്തോഷ് മുൻകൂട്ടി അവധി ചോദിച്ചിരുന്നു. എസ്എച്ച്ഒ അപേക്ഷ നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, ഞായറാഴ്ച വിവാഹ നിശ്ചയവേദിയിൽ നിൽക്കുമ്പോൾ സന്തോഷിനെ സ്റ്റേഷനിൽ നിന്നു വിളിച്ച് അവധി നൽകിയിട്ടില്ലെന്ന് പറയുകയായിരുന്നു. ഡ്യൂട്ടിക്ക് ഹാജരായില്ലെങ്കിൽ അവധി മാർക്ക് ചെയ്യുമെന്നും എസ്എച്ച്ഒ പറഞ്ഞതായാണ് പരാതി.

തിങ്കളാഴ്ച രാവിലെ സന്തോഷ് ഡ്യൂട്ടിക്കു ഹാജരായപ്പോൾ ഷട്ടിൽ കളി കഴിഞ്ഞെത്തിയ എസ്എച്ച്ഒ മഫ്തിയിൽ സ്റ്റേഷനിലുണ്ടായിരുന്നു. തുടർന്നു മോശമായി സംസാരിച്ച ശേഷം ‘നിന്നെ ഇനി ഈ സ്റ്റേഷനിൽ വേണ്ട’ എന്നു പറഞ്ഞു സന്തോഷിന്റെ തോളിൽ പിടിച്ചുയർത്തി സ്റ്റേഷൻ കോംപൗണ്ടിനു പുറത്താക്കിയെന്നാണു പരാതി. പോലീസുകാരും നാട്ടുകാരും ഉൾപ്പെടെ കണ്ടു നിൽക്കുമ്പോഴായിരുന്നു എസ്എച്ച്ഒയുടെ പ്രകടനം. സന്തോഷ് കമ്മിഷണർക്കും മട്ടാഞ്ചേരി എസിപിക്കും പരാതി നൽകിയതിനെ തുടർന്നു സ്പെഷൽ ബ്രാഞ്ച്, ഇൻറലിജൻസ് വിഭാഗങ്ങൾ അന്വേഷണം നടത്തി കമ്മിഷണർക്കു റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ജമ്മു കശ്മീരിന്റെ കേന്ദ്ര ഭരണ പദവി താൽക്കാലികമെന്ന് ഉറപ്പുലഭിച്ചതായി മുഖ്യമന്ത്രി

ശ്രീനഗർ: ജമ്മു കശ്മീർ കേന്ദ്ര ഭരണപ്രദേശമെന്ന പദവിയിൽ തുടരുന്നത് താൽക്കാലികമായി മാത്രമാണെന്ന് ഉന്നത തലങ്ങളിൽ നിന്ന് ഉറപ്പുലഭിച്ചതായി മുഖ്യമന്ത്രി ഉമർ അബ്ദുല്ല. ശ്രീനഗറിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ഭരണപ്രദേശമെന്ന പദവി ഏതെങ്കിലും ഭരണവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് തങ്ങൾക്ക് സുരക്ഷ നൽകുമെന്ന ധാരണ ആർക്കും വേണ്ട. ഈയൊരു സംരക്ഷണം താൽക്കാലികം മാത്രമാണെന്ന് ഉറപ്പുലഭിച്ചിട്ടുണ്ട്. കശ്മീരിലെ ഹൈബ്രിഡ് ഭരണസംവിധാനത്തെ സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി ചൂഷണംചെയ്യാൻ കഴിയുമെന്ന് ചിലർ കരുതുന്നുണ്ടാവാം.

വലിയ ശബ്ദത്തിൽ പൊട്ടിത്തെറി, നിമിഷനേരത്തിൽ തീഗോളമായി; പരിഭ്രാന്തരായി ഓടി ജനം

കാസർകോട്: നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർക്കാവ് ക്ഷേത്ര കളിയാട്ടത്തിനിടെ പടക്കശേഖരത്തിന് തീപിടിച്ചുണ്ടായ അപകടത്തിന്റെ ദൃശ്യങ്ങൾ പുറത്ത്. ആളുകൾ ആവേശത്തോടെ തെയ്യം കണ്ടുകൊണ്ടിരിക്കേ നിമിഷ നേരത്തിൽ ക്ഷേത്രത്തിലെ ഒരുഭാഗം തീഗോളമായി ഉയരുകയായിരുന്നു. വലിയ പൊട്ടിത്തെറി കേട്ട് ആളുകൾ പരിഭ്രാന്തരാകുന്നതും തിരക്കിൽപ്പെട്ട് നിലത്തുവീഴുന്നതും വീഡിയോയിൽ കാണാം.

ഇന്ന് പുലർച്ചെ 12.15–ഓടെയായിരുന്നു അപകടം. മൂവാളംകുഴി ചാമുണ്ഡി തെയ്യത്തിന്റെ വെള്ളാട്ടം പുറപ്പാട് സമയത്ത് പടക്കംപൊട്ടിച്ചപ്പോൾ, തീപ്പൊരി പടക്കംസൂക്ഷിച്ച കെട്ടിടത്തിലേക്ക് വീഴുകയും ഒന്നാകെ പൊട്ടിത്തെറിക്കുകയുമായിരുന്നു. ക്ഷേത്രമതിലിനോട് ചേർന്നുള്ള ഷീറ്റ് പാകിയ കെട്ടിടത്തിലാണ് പടക്കം സൂക്ഷിച്ചിരുന്നത്. ഇതിനുസമീപം സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവർ തെയ്യം കാണാൻ കൂടിനിന്നിരുന്നു. ഇവരുൾപ്പെടെ അപകടത്തിൽ 150–ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട്.

പൊട്ടിത്തെറിയിൽ പരിക്കേറ്റവരെ ആശുപത്രിയിലെത്തിക്കാൻ പ്രദേശത്തെ ആംബുലൻസുകൾ സ്വയംസന്നദ്ധരായി രംഗത്തെത്തിയിരുന്നു. അതിനാൽ സമയമൊട്ടും പാഴാക്കാതെ ഇവരെ ആസ്പത്രിയിലെത്തിക്കാനായി. നാട്ടുകാരും പോലീസും അഗ്നിരക്ഷാ സേനയും ആസ്പത്രി ജീവനക്കാരുമെല്ലാം ചേർന്ന് കൈമെയ് മറന്നുള്ള രക്ഷാപ്രവർത്തനമാണ് നടത്തിയത്. രാത്രി ഏറെ വൈകിയാണ് അപകടമുണ്ടായതെങ്കിലും പരിക്കേറ്റവരെ സമയമൊട്ടും പാഴാക്കാതെ ആശുപത്രികളിലെത്തിക്കാനായി. ക്ഷേത്രത്തിൽ വെടിക്കെട്ട് നടത്തുന്നതിനായി ജില്ലാ ഭരണക്കൂടത്തിന്റെ അനുമതിയുണ്ടായിരുന്നില്ല.

15പേരുടെ നില അതീവ ഗുരുതരം, 4പേർ വെന്റിലേറ്ററിൽ; ചൈനീസ് പടക്കമായതിനാൽ ഒഴിവായത് വൻ അപകടം

കാസർകോട്: നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ക്ഷേത്രത്തിലെ ഉത്സവത്തിനിടെയുണ്ടായ അപകടത്തിൽ പരിക്കേറ്റവരിൽ 15പേരുടെ നില ഗുരുതരം. കോഴിക്കോട് മിംസ് ആശുപത്രിയിൽ ആറുപേർ ചികിത്സയിൽ കഴിയുകയാണ്. ഇതിൽ ഷിബിൻ രാജ്, വിഷ്ണു, ബിജു, രതീഷ് എന്നീ നാലുപേർ വെന്റിലേറ്ററിലാണ്.

27പേർ മംഗളൂരു എജെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിൽ 8പേർ ഗുരുതരാവസ്ഥയിലാണ്. പരിയാരത്ത് ചികിത്സയിലുള്ള 5പേരിൽ ഒരാളുടെ നില ഗുരുതരമാണ്. കണ്ണൂർ ആസ്റ്റർ മിംസിൽ ചികിത്സയിൽ കഴിയുന്ന 24പേരിൽ ഒരാളുടെ നില ഗുരുതരമാണ്. കണ്ണൂർ ബേബി മെമ്മോറിയൽ ആശുപത്രിയിലുള്ള രണ്ടുപേരിൽ ഒരാൾ ഗുരുതരാവസ്ഥയിലാണ്. ആകെ 97പേരാണ് വിവിധ ആശുപത്രികളിലായി ചികിത്സയിലുള്ളത്.

അലക്ഷ്യമായി സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്തതിന് എട്ടുപേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. ക്ഷേത്ര കമ്മിറ്റി പ്രസിഡന്റും സെക്രട്ടറിയും കസ്റ്റഡിയിലാണ്. ഏറ്റവും കുറഞ്ഞ സുരക്ഷാ ക്രമീകരണങ്ങൾ പോലും പാലിച്ചില്ല, ഗുരുതര വീഴ്ചയാണ് സംഭവിച്ചതെന്നാണ് ജില്ലാ പോലീസ് മേധാവി ഡി ശിൽപ്പ പ്രതികരിച്ചത്. പടക്കം സൂക്ഷിച്ച കലവറയിൽ നിന്ന് തന്നെ പടക്കം പൊട്ടിച്ചു. പടക്കം പൊട്ടിച്ചപ്പോൾ പോലും കലവറയ്ക്ക് മുന്നിൽ നിന്ന ആൾക്കൂട്ടത്തെ മാറ്റിയില്ല. ഒരു അനുമതിയും തേടിയിട്ടില്ലെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

100 മീറ്റർ അകലം വേണമെന്ന് നിയമമുണ്ടായിട്ടും തൊട്ടടുത്ത് നിന്ന് പടക്കം പൊട്ടിച്ചു. സ്ഥലത്ത് നിന്ന് സാമ്പിളുകൾ ശേഖരിച്ചുവെന്നും ജില്ലാ കളക്ടർ കെ ഇമ്പശേഖർ പറഞ്ഞു.

3000 രൂപയുടെ പടക്കങ്ങൾ മാത്രമാണ് ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്നതെന്നാണ് ഭാരവാഹികൾ പറയുന്നത്. തോറ്റം ഇറങ്ങുമ്പോൾ പൊട്ടിക്കാൻ വാങ്ങിയതായിരുന്നു ഇവയെന്നും അവർ പറഞ്ഞു. ചൈനീസ് പടക്കങ്ങളായിരുന്നു വാങ്ങി വച്ചിരുന്നത്. ഇതിൽനിന്നുള്ള തീപ്പൊരിയാണ് അപകടത്തിന് കാരണമായത്. വീര്യം കുറഞ്ഞ ചൈനീസ് പടക്കങ്ങളായതിനാലാണ് ദുരന്തത്തിന്റെ വ്യാപ്തി കുറഞ്ഞത്.

വാഹനാപകടത്തിൽ പരിക്കയാൾ മരിച്ചു

പുതുക്കാട്: ദേശീയ പാത നന്തിക്കരയിൽ സ്കൂൾ സ്റ്റോപ്പിനു സമീപം പിക്കപ്പ് വാൻ ഇടിച്ച് സ്കൂട്ടർ യാത്രികന് ഗുരുതരപരിക്കേറ്റ തൊട്ടിപ്പാൾ സ്വദേശി ചെമ്പേരിവീട്ടിൽ വിജയൻ (69) ഇന്ന് രാവിലെ മരണപ്പെട്ടു ഇന്നലെയാണ് അപകടമുണ്ടായത്.

തീവണ്ടി മുട്ടി മരിച്ചു

പുതുക്കാട്: പാഴായി സ്വദേശി പുതുക്കാട് റെയിൽവെ സ്റ്റേഷനുസമീപം മുല്ലക്കപറമ്പിൽ തിലകൻ (59) തീവണ്ടി മുട്ടി മരിച്ചു. ഭാര്യയും 2 മക്കളും ഉണ്ട്. പുതുക്കാട് പോലീസ് കേസെടുത്ത് മേൽ നടപടികൾ സ്വീകരിച്ചു.

‘മൂവ് ഔട്ട്, മൂവ് ഔട്ട്’; ആംബുലൻസ് യാത്രയെപ്പറ്റി ചോദിച്ച മാദ്ധ്യമപ്രവർത്തകരോട് മാറിനിൽക്കാൻ പറഞ്ഞ് സുരേഷ് ഗോപി

തൃശൂർ: പൂര നഗരിയിൽ ആംബുലൻസിൽ എത്തിയില്ല എന്ന പരാമർശത്തെക്കുറിച്ച് പ്രതികരിക്കാതെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. മാറിനിൽക്കാനാണ് അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞത്. ഇന്നലത്തെ പരാമർശത്തെക്കുറിച്ച് ചോദിച്ച മാദ്ധ്യമ പ്രവർത്തകരോട് ’മൂവ് ഔട്ട്, മൂവ് ഔട്ട്’ എന്ന് മാത്രമാണ് പറഞ്ഞത്.

പൂര പ്രേമികളെ പോലീസ് തല്ലിയത് ചോദിക്കാനാണ് അന്ന് താൻ പോയതെന്നും സ്ഥലത്ത് കാറിലാണ് എത്തിയതെന്നുമായിരുന്നു സുരേഷ് ഗോപി ഇന്നലെ പറഞ്ഞത്. പൂരനഗരിയിൽ ആംബുലൻസിൽ പോയിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ചേലക്കരയിൽ തിരഞ്ഞെടുപ്പ് കൺവെൻഷനിൽ സംസാരിക്കവേയായിരുന്നു മന്ത്രിയുടെ പരാമർശം.

‘പൂരം കലക്കലിൽ സിബിഐ അന്വേഷണം വേണം. പൂരം കലക്കൽ സിപിഎമ്മിന് ബൂമറാംഗ് ആകും. പൂരപ്പറമ്പിൽ ആംബുലൻസിൽ എത്തിയിട്ടില്ല. സ്ഥലത്ത് എത്തിയത് ബിജെപി ജില്ലാ അദ്ധ്യക്ഷന്റെ കാറിലാണ്. പൂര പ്രേമികളെ പൊലീസ് തല്ലിയത് ചോദിക്കാനാണ് പോയത്. പൂരം കലക്കൽ പോലീസ് അന്വേഷിച്ചാൽ തെളിയില്ല. കെ സുരേന്ദ്രൻ പറയുന്നതു പോലെ താൻ പൂരപ്പറമ്പിൽ എത്തിയത് ആംബുലൻസിലല്ല’, – എന്നായിരുന്നു സുരേഷ് ഗോപി പറഞ്ഞത്.

എന്നാൽ ബി ജെ പി തൃശൂർ ജില്ലാ പ്രസിഡന്റ് അനീഷ് കുമാർ സുരേഷ് ഗോപിയുടെ വാദം തള്ളിയിരുന്നു. സുരേഷ് ഗോപി സ്വരാജ് റൗണ്ടിൽ സഞ്ചരിച്ചത് ആംബുലൻസിൽ തന്നെയാണെന്നും റൗണ്ട് വരെ വന്നത് തന്റെ കാറിലാണെന്നും അദ്ദേഹം വ്യക്തമാക്കി. മാത്രമല്ല സുരേഷ് ഗോപി പൂരനഗരിയിൽ ആംബുലൻസിലെത്തുന്നതിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

ഭീകരർക്കെതിരായ ദൗത്യത്തിനിടെ വീരമൃത്യു; സൈനിക നായ ഫാന്റത്തിന് വിട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലൂർദ് കത്തീഡ്രലിൽ തിരുനാൾ നവംബർ 7 മുതൽ

തൃശൂർ: ലൂർദ് കത്തീഡ്രലിൽ പരിശുദ്ധ അമലോദ്ഭവ മാതാവിന്റെ തിരുനാൾ നവംബർ ഏഴ് മുതൽ 11വരെ ആഘോഷിക്കും. നവംബർ ഒന്നിന് വൈകീട്ട് 4.30നു തിരുനാളിനു കൊടിയേറും. അഞ്ചിനു രാവിലെ 8.30ന് യുവജനങ്ങളുടെയും സംഘടനയുടെയും നേതൃത്വത്തിൽ തിരുനാൾ വിളംബര ഘോഷയാത്ര നടക്കും. ഏഴിന് രാത്രി ദീപാലങ്കാരത്തിന്റെ സ്വിച്ച് ഓൺ കളക്ടർ അർജുൻ പാണ്ഡ്യൻ നിർവഹിക്കും.

എട്ടിനു വൈകീട്ട് 4.30ന് പരിശുദ്ധ അമലോദ്ഭവ മാതാവിന്റെയും സഹവിശുദ്ധരുടെയും തിരുസ്വരൂപങ്ങൾ എഴുന്നള്ളിക്കൽ. ഒമ്പതിന് ഇടവകയിലെ 38 കുടുംബകൂട്ടയാമകളിൽ നിന്നു വാദ്യമേളങ്ങളോടെ അമ്പു പ്രദക്ഷിണം. 10നു രാവിലെ 10.30നു കുർബാനയക്ക് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ കാർമികത്വം വഹിക്കും. തുടർന്ന് കത്തീഡ്രലിൽ നിന്ന് വൈകീട്ട് 4.30നും പരിശുദ്ധ വ്യാകുലമാതവിൻ ബസിലിക്കയിൽ നിന്ന് 6.30നും തിരുനാൾ ജപമാല പ്രദക്ഷിണം ആരംഭിക്കും. ഇരു പ്രദക്ഷിണവും രാത്രി 11.30ന് കത്തീഡ്രലിൽ സംഗമിക്കും.

സമാപന ദിനമായ നവംബർ 11നു രാവിലെ 7.30ന് ഇടവകയിലെ പരേതർക്കുവേണ്ടി പ്രത്യേക കുർബാന. വൈകിട്ട് ഏഴിന് തിരുനാൾ വാദ്യമേളം എന്നിവയുണ്ടാകും.

തിരുനാളിന്റെ ഭാഗമായി ഫൊറോനയിലെ 10 നിർധരനായ യുവതികളുടെ വിവാഹത്തിനു സാമ്പത്തിക സഹായം നൽകും. ഇതോടൊപ്പം സൗജന്യ ഭക്ഷണ-ഭക്ഷ്യക്കിറ്റ് വിതരണം ഡയാലിസിസ് സാമ്പത്തിക സഹായം, മെഡിക്കൽ ക്യാമ്പുകൾ എന്നീ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുമെന്നും കത്തീഡ്രൽ വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ, മനേജിങ് ട്രസ്റ്റി ജോജു മഞ്ഞില, ട്രസ്റ്റി തോമസ് കോനിക്കര, സി.ആർ. ആന്റോ എന്നിവർ പറഞ്ഞു.

ദേശീയ നിയമസേവന അതോറിറ്റിയുടെ ടോൾഫ്രീ നമ്പറായ 15100, അതോറിറ്റിയുടെ വെബ് പോർട്ടൽ (ഫോടണ്ട) എന്നിവയടങ്ങുന്ന പോസ്റ്റർ പതിപ്പിച്ചു

തൃശൂർ: ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ജില്ലാ നിയമ സേവന അതോറിറ്റി തൃശ്ശൂർ ജില്ലാ കോടതി സമുച്ചയത്തിലും, എ.ഡി. ആർ സമുച്ചയത്തിലും ദേശീയ നിയമസേവന അതോറിറ്റിയുടെ ടോൾഫ്രീ നമ്പറായ 15100, അതോറിറ്റിയുടെ വെബ് പോർട്ടൽ (LSMS) എന്നിവയടങ്ങുന്ന പോസ്റ്റർ ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ സരിത രവീന്ദ്രൻ വിവിധയിടങ്ങളിൽ പതിപ്പിച്ചു.

ദേശീയ നിയമ സേവന അതോറിറ്റിയുടെ ഹെൽപ്പ് ലൈൻ നമ്പർ, പോർട്ടൽ എന്നിവ ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും സൗജന്യ നിയമ സഹായം ഉറപ്പുവരുത്തുകയുമാണ് ലക്ഷ്യം.

ടി കെ നന്ദകുമാരൻ അനുസ്മരണം

തൃശൂർ: ശ്രീ കേരളവർമ്മ കോളേജ് ഇംഗ്ലീഷ് അധ്യാപകനായിരുന്ന ഡോ ടി കെ നന്ദകുമാരൻ അനുസ്മരണവും 16 -മത് നന്ദകുമാരൻ സ്മാരക അക്കാദമിക പരിപാടിയും ബുധനാഴ്ച രാവിലെ 10ന് കോളേജിലെ പി എസ് എൻ ഹാളിൽ നടക്കും. ടി കെ നന്ദകുമാരൻ ഫൗണ്ടേഷൻ, ഇംഗ്ലീഷ് ഡിപ്പാർട്മെന്റ്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സംയുകത സഹകരണത്തോടെ നടക്കുന്ന ചടങ്ങിൽ അക്കാദമിക് റൈറ്റിംഗ് എന്ന വിഷയത്തിൽ പോണ്ടിച്ചേരി സർവകലാശാല അസ്സോസിയേറ്റ് പ്രൊഫസർ ഡോ ഐശ്വര്യ എസ് ബാബു ക്ലാസ്സെടുക്കും. ഡോ കെ പി നന്ദകുമാർ ടി കെ നന്ദകുമാരൻ അനുസ്മരണം നിർവ്വഹിക്കും. കോളേജ് പ്രിൻസിപ്പൽ ഇൻചാർജ് ഡോ കെ ജയനിഷ പരിപാടി ഉദ്ഘാടനം ചെയ്യും.

തൃശ്ശൂർ വലിയ പള്ളി:ബുധൻ മുതൽ 3 ദിവസം വചനം പ്രഘോഷണം പെരുന്നാളാഘോഷം ശനി മുതൽ

തൃശ്ശൂർ: തൃശൂർ മാർത്ത് മറിയം വലിയ പള്ളി പെരുന്നാളിന് തുടക്കം കുറിച്ച്കൊണ്ടുള്ള കൊടിയേറ്റം റവ. ഡെൽമിൻ ഡേവിസ് കശീശ നിർവഹിച്ചു. പെരുന്നാളിന്റെ മുന്നോടിയായി ത്രിദിന ദൈവ വചന പ്രഘോഷണം ബുധനാഴ്ച്ച മുതൽ വെള്ളിയാഴ്ച വരെ ഉണ്ടായിരിക്കും. റവ. വി.വി.ജോസഫ്, റവ.ജോർജ്ജി കെ.സണ്ണി, റവ.ഡെന്നി തല്ലോക്കാരൻ എന്നിവർ വചനം പ്രഘോഷണം നടത്തും. എല്ലാ ദിവസവും രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കും.

വെള്ളിയാഴ്ച രാവിലെ 7ന് കുരിശു പള്ളിയിലും 1.30ന് വലിയ പള്ളിയിലും വിശുദ്ധ കുർബ്ബാന അർപ്പിക്കും. രാത്രി 8മണിക്ക് ദീപാലാങ്കാര സ്വച്ച് ഓൺ നിർവഹിക്കും.

ശനിയാഴ്ച്ച രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന, 5.30ന് റംശാ പ്രാർത്ഥന, തുടർന്ന് ദൈവാലയ പ്രവേശനവും. 7.15ന് പുഷ്പത്തിൽ നിന്നുള്ള പെരുന്നാൾ സന്ദേശം മാർ ഔഗിൻ മെത്രാപ്പോലീത്ത നിർവ്വഹിക്കും. 8ന് ഭക്തി നിർഭരമായ മെഴുകുതിരി പ്രദക്ഷിണം. ഞായറാഴ്ച രാവിലെ 7.30ന് പെരുന്നാൾ വിശുദ്ധ കുർബാന മാർ ഔഗിൻ മെത്രാപ്പോലത്തയുടെ മുഖ്യകാർമ്മികത്വത്തിൽ. തുടർന്ന് വൈദിക പട്ടം കൊട ശുശ്രൂഷയും ഉണ്ടായിരിക്കും.

വൈകിട്ട് 6മണിക്കുള്ള പൊതു സമ്മേളനത്തിൽ മാർ ഔഗിൻ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ബെച്ചു കുരിയൻ തോമാസ് ഉദ്ഘാടനം ചെയ്യും. പെരുന്നാളിനോടനുബന്ധിച്ചു 210 ഡയാലീസീസ് രോഗികൾക്കുള്ള സഹായ ധനം തൃശ്ശൂർ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.താജ് പോൾ പനയ്ക്കൽ സ്വീകരണം. '

മാർത്ത് മറിയം' പുരസ്ക്കാരം ഡോ.മാർ അപ്രേം മെത്രാപ്പോലത്തയ്ക്ക് സമ്മാനിക്കും. നവ വൈദീകരായ റവ.ഫ്രഡി ഡോൺ ഡേവിസ്, റവ.അബി ആന്റണി, ഹീവ്പദ്യാക്കന പദവി ലഭിച്ച ജെയിൻ ജെയിംസ്, അബിൻ ഫ്രാൻസിസ് എന്നിവർക് സ്വീകരണം. സൺഡേ സ്കൂൾ കുട്ടികൾക്ക് സമ്മാന ദാനം. തുടർന്ന് കലാപരിപാടികൾ. തിങ്കളാഴ്ച 7മണിക്ക് വിശുദ്ധ കുർബ്ബാന, വൈകീട്ട് 6മണിക്ക് റംശ്ശാ പ്രാർത്ഥന, തുടർന്ന് 7മണിക്ക് തൃശ്ശൂർ കലാസദന്റെ ഗാനമേളയുമുണ്ടായിരിക്കും.

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കോർപ്പറേഷൻ തല പ്രഖ്യാപനം എം.എൽ.എ. പി. ബാലചന്ദ്രൻ നിർവ്വഹിച്ചു

തൃശൂർ: ഈ നൂറ്റാണ്ട് ഡിജിറ്റൽ യുഗത്തിന്റെ കാലഘട്ടമാണ്. സമൂഹം ഡിജിറ്റലായി പരിവർത്തനം ചെയ്യപ്പെടുകയാണ്. ഈ പരിവർത്തനത്തിലേയ്ക്ക് തൃശൂർ കോർപ്പറേഷനും പൂർണ്ണമായി മാറുകയാണ്. കോർപ്പറേഷന്റെ ദൈനംദിന സേവനങ്ങൾ ഇതിനകം തന്നെ ഡിജിറ്റലൈസ് ചെയ്തുതുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി വിവര സാങ്കേതിക വിദ്യയുടെ ഗുണങ്ങൾ അവരിലേയ്ക്ക് ഫലപ്രദമായി വ്യാപിപ്പിച്ച് അവരുടെ ശാക്തീകരണം ഉറപ്പാക്കുകയും ദൈനംദിന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കുന്നതിനും വികസന പദ്ധതികളിൽ പങ്കാളികളായി അതിൻറെ ഫലങ്ങൾ അനുഭവ ഭേദ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഡിജി കേരളം (സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത) പദ്ധതി കോർപ്പറേഷൻ പരിധിയിൽ സമ്പൂർണ്ണത കൈവരിച്ചിരിക്കുക യാണ്.

സർവ്വെ നടത്തി 14 വയസ്സു മുതൽ ഉള്ള ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവരെ കണ്ടെത്തി എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, ആശാവർക്കർമാർ, സാക്ഷരതാപ്രേരക്മാർ, സന്നദ്ധസേന, ലൈബ്രറി കൗൺസിൽ, വിദ്യാർത്ഥികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് പരിശീലനം പൂർത്തീകരിച്ചിട്ടുള്ളത്. കോർപ്പറേഷൻ തല സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പ്രഖ്യാപനം കോർപ്പറേഷൻ അങ്കണത്തിൽ വെച്ച് മേയർ എം.കെ.വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ എം.എൽ.എ. പി.ബാലചന്ദ്രൻ നിർവ്വഹിച്ചു.

കോർപ്പറേഷൻ പരിധിയിലെ മുതിർന്ന പൗരൻമാരായ രവി പുഷ്പഗിരി സദസ്സിന്റെ ഫോട്ടോ എടുത്ത് മേയറുടെ വാട്സ് ആപ്പ് നമ്പറിലേക്ക് അയക്കുകയും ഗീത തന്റെ പെൻഷന്റെ തൽസ്ഥിതി മൊബൈലിൽ പരിശോധിച്ചുകൊണ്ടും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തി. ഡിജിറ്റൽ സാക്ഷരത പൂർത്തീകരിച്ചിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റ് വിതരണവും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പൂർത്തീകരിക്കുന്നതിന് കോർപ്പറേഷനൊപ്പം നിന്ന് സഹകരിച്ചവർക്ക് മൊമെന്റോ വിതരണവും ഡെപ്യൂട്ടി മേയർ മിസ്. എം. എൽ. റോസി നിർവ്വഹിച്ചു. സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാന്മാരായ വർഗ്ഗീസ് കണ്ടംകുളത്തി, കരോളിൻ പെരിഞ്ചേരി, ഡി. പി.സി. മെമ്പർ സി.പി. പോളി, കൗൺസിലർമാരായ ഷീബ ബാബു, ശ്യാമള വേണുഗോപാൽ, രാജശ്രീ ഗോപൻ, സുഭി സുകുമാർ, രേഷ്മ ഹെമേജ്, എ.ആർ. രാഹുൽനാഥ്, ബീന മുരളി, ഷീബ ജോയ്, രാധിക അശോകൻ, പി. സുകുമാരൻ, സജിത ഷിബു, ബി.ജെ.പി. പ്രതിനിധി സുരേന്ദ്രൻ ഐനിക്കുന്നത് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

തൃശൂർ ജില്ലാ മർച്ചന്റ് അസോസിയേഷന്റെ കുടുംബസംഗമം 2024ൽ സി എം ജോർജ്ജ് അവാർഡ് സിപി എം മുഹമ്മദ് ഹനീഫ് മന്ത്രി അഡ്വ. കെ രാജനിൽ നിന്ന് ഏറ്റുവാങ്ങുന്നു. വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡണ്ട് കെ വി അബ്ദുൾ ഹമീദ്, ജന.സെക്രട്ടറി എൻ ആർ വിനോദ്കുമാർ, ട്രഷറർ ജോയ് മൂത്തേടൻ, ജില്ലാ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡണ്ട് സുനിൽ സൈമൺ, ജന. സെക്രട്ടറി എ ജെ ജോർജ്ജ് എന്നിവർ സമീപം

ശാരീരിക പീഢനം മൂലം ഭാര്യയും മകളും ആത്മഹത്യ ചെയ്തതിൽ അറസ്റ്റിലായ പ്രതിയായ ഭർത്താവിന്റെ ജാമ്യാപേക്ഷ സെഷൻസ് കോടതി തള്ളി

തൃശൂർ: ഭർത്താവിന്റെ പരസ്ത്രീ ബന്ധവും അവഗണനയും ശാരീരിക പീഢനവും സഹിക്കുവാൻ കഴിയാതെ ഭാര്യയും മകളും ആത്മഹത്യ ചെയ്തതിൽ അറസ്റ്റിലായ തൃശ്ശൂർ പഴഞ്ഞി വില്ലേജ് പെരുന്തുരുത്തി ദേശത്ത് മുതിരംപറമ്പത്ത് വീട്ടിൽ രവീന്ദ്രൻ മകൻ അനീഷ് (41) എന്നവരുടെ ജാമ്യാപേക്ഷ തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് പി.പി. സെയ്തലവി തള്ളി ഉത്തരവായി.

26.08.2024 തീയതിയിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. 21.03.2009 തീയതിയിൽ പ്രതി ബന്ധുവായ മരണപ്പെട്ട യുവതിയെ വിവാഹം കഴിക്കുകയും വിവാഹസമയത്ത് സമ്മാനമായി ലഭിച്ച സ്വർണ്ണം മുഴുവൻ പ്രതി വിറ്റ് പലവിധത്തിൽ ചിലവഴിക്കുകയും സ്ഥിരമായി ജോലിക്ക് പോകാതെ ജീവിക്കുകയും കൂടാതെ പ്രതി ഭാര്യയെ ശാരീരികമായി ഉപദ്രവിച്ചതിനെ തുടർന്ന് കടുത്ത മാനസിക സമ്മർദ്ധത്തിലായിരുന്ന യുവതി, പ്രതിയുടെ വിവാഹേതര ബന്ധം കൂടി അറിഞ്ഞതിൽ മാനസിക സമ്മർദ്ദം താങ്ങാനാവാതെ പത്തുവയസുള്ള മകളേയും കൂട്ടി പിതൃ വീട്ടിൽ തൂങ്ങിമരിക്കുകയാണുണ്ടായത്. എരുമപ്പെട്ടി പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയതിൽ സൂയിസൈഡ് നോട്ട് ബന്തവസ്സിലെടുത്ത് പ്രതിയായ അനീഷിനെ ആത്മഹത്യാ പ്രേരണക്ക് അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരവെ പ്രതി ജാമ്യത്തിന് സെഷൻസ് കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയായിരുന്നു.

കേസ് ഡയറിയും രേഖകളും പരിശോധിച്ച കോടതി, ആത്മഹത്യ ചെയ്ത യുവതിക്കും മകൾക്കും ആത്മഹത്യാപ്രേരണ പെട്ടെന്നുണ്ടായതല്ലെന്നും പ്രതിയുടെ കാലങ്ങളായുള്ള മാനസികമായും ശാരീരികമായുമുള്ള പീഢനവും പരസ്ത്രീ ബന്ധവുമാണ് കാരണമെന്നും കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലെന്നും കൂടുതൽ തെളിവുകൾ ശേഖരിക്കാനുണ്ടെന്നും ഗൗരവമേറിയ കുറ്റകൃത്യത്തിന് ജാമ്യം അനുവദിക്കുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നുമുള്ളതും ആയതിനാൽ യാതൊരു കാരണവശാലും പ്രതിക്ക് ജാമ്യം നൽകരുതെന്നുമുള്ള പ്രോസിക്യൂഷനുവേണ്ടി ഹാജരായ ജില്ലാ പബ്ലിക്ക് പ്രോസിക്യൂട്ടർ കെ.ബി. സുനിൽകുമാറിന്റെ വാദങ്ങൾ പരിഗണിച്ചാണ് സെഷൻസ് കോടതി പ്രതിയുടെ ജാമ്യാപേക്ഷ തള്ളി ഉത്തരവായത്.

ബ്യൂട്ടി പാർലറിൽ അതിക്രമിച്ചു കയറി ഭാര്യയെ ദേഹോപദ്രവം ചെയ്ത കേസ്: പ്രതിക്ക് 11 മാസം തടവും പിഴയും ശിക്ഷ

തൃശൂർ : പിണക്കം മൂലം വേർപിരിഞ്ഞ് കഴിയുന്ന ഭാര്യയോടുള്ള വിരോധം നിമിത്തം ബ്യൂട്ടിപാർലറിലേക്ക് അതിക്രമിച്ചു കയറി കൈ കൊണ്ടും, കീ ചെയിൻ കൊണ്ടും, സ്റ്റീൽ വള കൊണ്ടും, മുഖത്തും, തലയിലും അടിച്ച് ദേഹോപദ്രവം ചെയ്ത കേസിൽ പ്രതിയായ ചെവ്വൂർ ഐനിക്കൽ പടിക്കല ജോഷി എന്നവരെ വിവിധ വകുപ്പുകളിലായി 11 മാസം തടവിനും പിഴയടക്കുന്നതിനും തൃശ്ശൂർ പ്രിൻസിപ്പൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജ് എസ്. തേജോമയി തമ്പുരാട്ടി ശിക്ഷ വിധിച്ചു. പിഴയടക്കുന്നപക്ഷം പിഴത്തുക ഇരയായ ഭാര്യക്ക് നൽകാനും വിധിയിൽ പറഞ്ഞിട്ടുണ്ട്.

2019 ജൂൺ 16ന് ചെവ്വൂരിലെ ബ്യൂട്ടിപാർലറിൽ ഉച്ച സമയത്താണ് കേസിനാസ്പദമായ സംഭവം നടന്നത്. 2003 മെയ് 18നായിരുന്നു ജോഷിയുടെ വിവാഹം. 2006 മുതൽ മദ്യപിച്ചു വരുന്ന പ്രതി ശാരീരികവും, മാനസികവുമായി പീഢിപ്പിച്ചതിനെത്തുടർന്ന് ഭാര്യ ചേർപ്പ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. തുടർന്ന് അന്വേഷണം നടത്തിയ പോലീസ് പരാതി സത്യമാണെന്ന് അറിഞ്ഞതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. അതിനെത്തുടർന്ന് ഇരുവരും വേർപിരിഞ്ഞാണ് താമസിച്ചിരുന്നത്. പിന്നീട് പ്രസ്തുത കേസ് ഒത്തുതീർപ്പാക്കാൻ ഭാര്യ വിസമ്മതിച്ചുവെന്ന വിരോധത്താലാണ് പ്രതി അതിക്രമം കാണിച്ചത്.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് 15 രേഖകൾ ഹാജരാക്കുകയും 10 സാക്ഷികളെ വിസ്തരിക്കുകയും ചെയ്തു. ചേർപ്പ് പോലീസ് സബ് ഇൻസ്പെക്ടറായ സനീഷ് എസ്.ആർ എന്നവരാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

സ്ത്രീകൾക്കെതിരെ ഗാർഹിക പീഢനം വ്യാപകമായ ഇക്കാലത്ത് അത്തരം കേസു കളിലെ പ്രതിക്ക് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകണമെന്ന പ്രോസിക്യൂഷനു വേണ്ടി ഹാജരായ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ലാജു ലാസർ എം, അഭിഭാഷകയായ അഡ്വ. പ്രവീണ എ.പി എന്നിവരുടെ വാദങ്ങൾ പരിഗണിച്ചാണ് കോടതി ശിക്ഷ വിധിച്ചത്.

പ്രതിരോധ കൂട്ടായ്മ

പുതുക്കാട്: കേന്ദ്ര സർക്കാരിന്റെ ഔഷധവില വർദ്ധനവിനെതിരെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കൊടകര മേഖല കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പുതുക്കാട് താലൂക്ക് ആശുപത്രിക്ക് മുൻപിൽ പ്രതിരോധ കൂട്ടായ്മ സംഘടിപ്പിച്ചു. കേരള പെൻഷനേഴ്സ് യൂണിയൻ. സംസ്ഥാന കമ്മറ്റിയംഗം കെ.എം ശിവരാമൻ ഉദ്ഘാടനം ചെയ്തു. പരിഷത്ത് ജില്ല കമ്മറ്റിയംഗം കെ കെ അനീഷ് കുമാർ വിഷയാവതരണം നടത്തി. മേഖലാ സെക്രട്ടറി ടി- എം ശിഖാ മണി അധ്യക്ഷത വഹിച്ച യോഗത്തിൽ പുതുക്കാട് യൂണിറ്റ് സെക്രട്ടറി ഹരി റാം കുമാർ സ്വാഗതവും മേഖല കമ്മറ്റിയംഗം കൃഷ്ണൻ സൗപർണിക നന്ദിയും രേഖപെടുത്തി.,

മദ്യനിരോധനം സ്ത്രീ വിമോചനത്തിനാണെന്ന് ഷീബാ രാമചന്ദ്രൻ

തൃശൂർ: സ്ത്രീകളെ അടിമകളാക്കിനിലനിർത്തുവാനാണ് പുരുഷ മേധാവിത്വമുള്ള പാർട്ടികൾ മദ്യനിരോധനത്തിന് തടസ്സം നിൽക്കുന്നതെന്ന് മഹിളാ കോൺഗ്രസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഷീബാ രാമചന്ദ്രൻ പ്രസ്താവിച്ചു.

മദ്യ വിമോചന മഹാ സഖ്യം ചേലക്കര - പാലക്കാട് ഉപതെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി ചേലക്കരയിലെ മുള്ളൂർക്കരയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.മദ്യവിമുക്ത കേരളം വാഗ്ദാനം ചെയ്ത് നാടിനെ വഞ്ചിച്ച ഇടതുമുന്നണിയെ പരാജയപ്പെടുത്തുക എന്ന സന്ദേശം ഉയർത്തിയാണ് രണ്ട് മണ്ഡലങ്ങളിലും മദ്യ വിമോചന മഹാ സഖ്യം പ്രചാരണം നടത്തുന്നത്. മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, നിർവാഹക സമിതി അംഗം കെ എസ് ശിവരാമൻ എന്നിവർ പ്രസംഗിച്ചു.

ബസ്സും കാറും കൂട്ടിയിടിച്ച് കാർ യാത്രികൻ മരിച്ച സംഭവത്തിൽ ഒളിവിലായിരുന്ന ബസ്സ് ഡ്രൈവർ അറസ്റ്റിൽ

ഇരിങ്ങാലക്കുട : കരുവന്നൂർ ചെറിയ പാലത്തിന് സമീപം സ്വകാര്യ ബസ്സും കാറും കൂട്ടിയിടിച്ച് കാർ യാത്രികൻ മരിച്ച സംഭവത്തിൽ ഒളിവിൽ ആയിരുന്ന ബസ്സ് ഡ്രൈവർ അറസ്റ്റിൽ.

പറപ്പൂക്കര മൂത്രത്തിക്കര പെരിയിൽ വീട്ടിൽ ലിതീഷ് (44) നെയാണ് ചേർപ്പ് പോലീസ് സംഘം അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ചൊവ്വാഴ്ച രാവിലെയാണ് തൃശ്ശൂരിലേക്ക് പോവുകയായിരുന്ന ദേവമാതാ ബസ്സും കാറും കൂട്ടിയിടിച്ച് കരുവന്നൂർ സ്വദേശി നിജു ജോണി മരിച്ചത്. സംഭവത്തെ തുടർന്ന് ഡ്രൈവർ അടക്കമുള്ള ബസ് ജീവനക്കാർ ഓടി രക്ഷപ്പെടുകയായിരുന്നു. അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം പ്രതിയെ ജാമ്യത്തിൽ വിട്ടു.

വി കെയർ ഫൗണ്ടേഷൻ കമ്പാഷൻ സെന്ററിന്റെ ശിലാസ്ഥാപനം നാളെ

ഇരിങ്ങാലക്കുട : വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ കടലായിയിൽ അത്യാധുനിക സൗകര്യങ്ങളോടെ സാന്ത്വന പരിചരണ കേന്ദ്രം ഒരുങ്ങുന്നു. 18000 ചതുരശ്ര അടിയിൽ അഞ്ച് നിലകളിലായി ഒരുങ്ങുന്ന വി കെയർ ഫൗണ്ടേഷൻ കമ്പാഷൻ സെന്ററിന്റെ ശിലാസ്ഥാപനം നാളെ 3മണിക്ക് എംഡി കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ നടൻ ടൊവിനോ തോമസ് നിർവഹിക്കും.

പാലിയേറ്റീവ് കെയർ, ഫിസിയോ തെറാപ്പി, ഡയാലിസിസ്, ഡിമെൻഷ്യ കെയർ, ഓട്ടിസം കെയർ , തുടങ്ങിയ സേവനങ്ങൾ സൗജന്യമായിട്ടാണ് നൽകുകയെന്ന് ഫൗണ്ടേഷൻ സെക്രട്ടറി എ ബി സക്കീർ ഹുസൈൻ, സംഘാടക സമിതി ജനറൽ കൺവീനർ ഷഫീർ കാരുമാത്ര എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

23 സെന്റ് സ്ഥലത്ത് 6 കോടി രൂപ ചിലവിലാണ് കെട്ടിടം നിർമ്മിക്കുന്നത്. ഭാരവാഹികളായ ഷഹീൻ കെ മൊയ്ദീൻ, പി കെ എം അഷ്റഫ്, പി കെ സുനിൽകുമാർ, മെഹർബാൻ ഷിഹാബ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

40 ആട്ടക്കഥാസമാഹര പുസ്തകപ്രകാശനം കളിയരങ്ങിന് അപൂർവ്വാനുഭവം



ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സ്വദേശിയും അദ്ധ്യാപകനുമായ ടി വേണുഗോപാൽ (വേണുമാഷ്) രചിച്ച്, അരങ്ങിലവതരിപ്പിച്ചുവരുന്ന 40 ആട്ടകഥകളുടെ സമാഹാരം ഡോക്ടർ കെ എൻ പിഷാരടി സ്മാരക കഥകളി ക്ലബ്ബിന്റെ സഹകരണത്തോടെ പുറത്തിറങ്ങി. ഒക്ടോബർ 24ന് കേരള കലാമണ്ഡലം നിള കാമ്പസിൽ ആശ സുരേഷിന്റെ സോപാനസംഗീതാലാപനത്തോടെ ക്ളബ്ബ് പ്രസിഡണ്ട് അനിയൻ മംഗലശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മുൻ കലാമണ്ഡലം പ്രിൻസിപ്പാൾ ആചാര്യൻ എംപിഎസ് നമ്പൂതിരി ഉദ്ഘാടനം ചെയ്തു. കഥകളി ആസ്വാദകൻ വൈക്കാക്കര നാരായണൻ വീഡിയോ ഗ്രാഫർ ചിത്രജൻ പുസ്തകം നല്കിയാണ് പ്രകാശനമുണ്ടായത്. ചാലക്കുടി കഥകളി ക്ലബ്ബ് സാരഥി എം മുരളീധരൻ ആമുഖപ്രഭാഷണം നടത്തി. വി എൻ കൃഷ്ണൻകുട്ടി, കലാമണ്ഡലം ശിവദാസ്, തൃപ്പയ്യ പീതാംബരൻ, കലാമണ്ഡലം ശ്രീനാഥ് എന്നിവർ ആശംസകൾ നേർന്നു. ക്ലബ്ബ് സെക്രട്ടറി രമേശൻ നമ്പീശൻ സ്വാഗതവും ടി എൻ കൃഷ്ണദാസ് നന്ദിയും പറഞ്ഞു. തുടർന്ന് വേണുമാഷ് എഴുതി ചിട്ടപ്പെടുത്തി അവതരിപ്പിച്ച ഗരുഡഗർവ്വഭംഗം കഥകളിയിൽ കലാനിലയം മനോജ് (ശ്രീകൃഷ്ണൻ), കലാമണ്ഡലം സൂരജ് (രുഗ്മിണി), പ്രദീപ് രാജ (സത്യഭാമ), ആർ എൽ വി പ്രമോദ് (ഗരുഡൻ), ഫാക്ട് ബിജു ഭാസ്കർ (ഹനുമാൻ), കലാമണ്ഡലം സുധീഷ്കുമാർ, കലാമണ്ഡലം ശ്രീനാഥ്, കലാമണ്ഡലം കാർത്തിക് (സംഗീതം) കലാമണ്ഡലം ശിവദാസ്, കലാനിലയം രതീഷ്, കലാനിലയം ദീപക് (ചെണ്ട), കലാനിലയം ഉണ്ണിക്കൃഷ്ണൻ, കലാനിലയം ശ്രീജിത് (മദ്ദളം), കലാനിലയം പ്രശാന്ത് (ചുട്ടി), ഊരകം നാരായണൻ നായർ, രാമചന്ദ്രൻ ചെറുതുരുത്തി നാരായണൻകുട്ടി (അണിയറ) എന്നീ കലാകാരന്മാർ പങ്കെടുത്തു. ഇരിങ്ങാ